## മധുരമായ കുട്ടികളേ - ദേഹ-അഭിമാനത്തിൽ വരുന്നതിലൂടെ തന്നെയാണ് മായയുടെ ചാട്ടവാറടി കൊള്ളുന്നത്, ദേഹീ-അഭിമാനിയായിരിക്കുകയാണെങ്കിൽ ബാബയുടെ ഓരോ ശ്രീമതവും പാലിക്കാൻ സാധിക്കും

**ചോദ്യം**:- ബാബയ്ക്ക് രണ്ട് പ്രകാരത്തിലുള്ള പുരുഷാർത്ഥീ കുട്ടികളുണ്ട്, അവർ ആരൊക്കെയാണ് ?
**ഉത്തരം**:- ആദ്യത്തേത്, ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിന്റെ പരിപൂർണ്ണ പുരുഷാർത്ഥം ചെയ്യുന്ന കുട്ടികൾ, ഓരോ ചുവടിലും ബാബയുടെ നിർദ്ദേശമെടുക്കുന്നു. രണ്ടാമത് ഇങ്ങനെയും കുട്ടികളുണ്ട് അവർ ബാബയോട് വിട പറയുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. ചിലരുണ്ട്, അവർ ദുഃഖത്തിൽ നിന്ന് മോചിതരാകുന്നതിന് വേണ്ടി ബാബയെ വളരെ-വളരെ ഓർമ്മിക്കുന്നു, ചിലരാണെങ്കിൽ ദുഃഖത്തിൽ കുടുങ്ങാൻ ആഗ്രഹിക്കുന്നു, ഇതും അദ്ഭുതമല്ലേ.

**ഗീതം**:- സഭയിൽ ജ്വലിച്ചുയർന്ന ദീപം....

**ഓം ശാന്തി**. കുട്ടികൾ ഗീതം വളരെ പ്രാവശ്യം കേട്ടിട്ടുണ്ട്. പുതിയ കുട്ടികൾ പുതുതായി കേൾക്കുകയായിരിക്കും എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ വന്ന് തന്റെ പരിചയം നൽകുന്നു. കുട്ടികൾക്ക് പരിചയം ലഭിച്ചിരിക്കുന്നു. അറിയാം ഇപ്പോൾ നമ്മൾ പരിധിയില്ലാത്ത മാതാപിതാവിന്റെ സന്താനമായിരിക്കുന്നു. തീർച്ചയായും മനുഷ്യ സൃഷ്ടിയുടെ രചയിതാവായ മാതാ-പിതാവായിരിക്കും. എന്നാൽ മായ മനുഷ്യരുടെ ബുദ്ധി തീർത്തും മൃതതുല്യമാക്കി മാറ്റിയിരിക്കുന്നു. ഇത്രയും സാധാരണമായ കാര്യം ബുദ്ധിയിൽ ഇരിക്കുന്നില്ല. പറയാൻ എല്ലാവരും പറയുന്നുണ്ട് നമ്മളെ ഭഗവാനാണ് സൃഷ്ടിച്ചത്. അങ്ങനെയെങ്കിൽ തീർച്ചയായും മാതാ-പിതാവായിരിക്കും! ഭക്തി മാർഗ്ഗത്തിൽ ഓർമ്മിക്കുന്നുമുണ്ട്. എല്ലാ ധർമ്മത്തിൽ പെട്ടവരും തീർച്ചയായും ഗോഡ് ഫാദറെ ഓർമ്മിക്കുന്നുണ്ട്. ഭക്തന് സ്വയം ഭഗവാനാകാൻ സാധിക്കില്ല. ഭക്തർ ഭഗവാനെ സാധന ചെയ്യുന്നു. ഗോഡ് ഫാദറാണെങ്കിൽ എല്ലാവരുടേതും ഒന്നായിരിക്കും അർത്ഥം എല്ലാ ആത്മാക്കളുടേയും അച്ഛൻ ഒന്നാണ്. എല്ലാ ശരീരങ്ങളുടേയും അച്ഛൻ ഒന്നാകുക സാധ്യമല്ല. അത് അനേകം അച്ഛൻമാരുണ്ട്. ആ ഭൗതീക അച്ഛൻ ഉണ്ടായിട്ടും അല്ലയോ ഈശ്വരാ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നു. ബാബ ഇരുന്ന് മനസ്സിലാക്കി തരികയാണ് - മനുഷ്യർ വിവേക ശൂന്യരാണ് അവർ അച്ഛന്റെ പരിചയം തന്നെ മറന്ന് പോകുന്നു. നിങ്ങൾക്കറിയാം സ്വർഗ്ഗത്തിന്റെ രചയിതാവ് ഒരേ ഒരു ബാബ മാത്രമാണ്. ഇപ്പോൾ കലിയുഗമാണ്. തീർച്ചയായും കലിയുഗത്തിന്റെ വിനാശമുണ്ടാകും. പ്രായഃ ലോപം എന്ന അക്ഷരം ഓരോ കാര്യത്തിലും വരുന്നുണ്ട്. കുട്ടികൾക്കറിയാം - സത്യയുഗം ഇപ്പോൾ മിക്കവാറും ലോപിച്ചിരിക്കുന്നു. ശരി, പിന്നെ വരുന്ന ചോദ്യം, സത്യയുഗത്തിൽ അവർക്ക് ഇതറിയുമോ അതായത് ഈ സത്യയുഗം പ്രായഃ ലോപമാകും പിന്നീട് ത്രേതയാകും? ഇല്ല, അവിടെ ഈ ജ്ഞാനത്തിന്റെ ആവശ്യം തന്നെയില്ല. ഈ കാര്യങ്ങൾ ആരുടേയും ബുദ്ധിയിൽ ഇല്ല - സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, നമ്മുടെ പാരലൗകീക പിതാവ് ആരാണ്? ഇത് നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. മനുഷ്യർ പാടാറുണ്ട് അങ്ങ് മാതാ-പിതാവാണ് ഞങ്ങൾ അങ്ങയുടെ കുട്ടികളാണ്.... പക്ഷേ അറിയുന്നില്ല. അതുകൊണ്ട് പറയുന്നതും പറയാതിരിക്കുന്നതും തുല്യമാണ്. അച്ഛനെ മറന്നിരിക്കുന്നു അതുകൊണ്ട് അനാഥരായിരിക്കുന്നു. ബാബ ഓരോ കാര്യവും മനസ്സിലാക്കി തരുന്നു. ശ്രീമതത്തിലൂടെ ചുവടുകൾ വെയ്ക്കൂ. അല്ലെങ്കിൽ ഏത് സമയത്തും മായ ചതിയിൽ പെടുത്തും. മായ തന്നെയാണ് വഞ്ചകൻ. മായയിൽ നിന്ന് മുക്തമാക്കുക - ഇത് ബാബയുടെ മാത്രം ജോലിയാണ്. രാവണൻ തന്നെയാണ് ദുഃഖം നൽകുന്നവൻ. ബാബയാണ് സുഖം നൽകുന്നവൻ. മനുഷ്യർക്ക് ഈ കാര്യങ്ങളെ മനസ്സിലാക്കാൻ സാധിക്കില്ല. അവർ കരുതുന്നത് ദുഃഖവും സുഖവും ഭഗവാൻ തന്നെയാണ് തരുന്നതെന്നാണ്. ബാബ മനസ്സിലാക്കി തരുന്നു മനുഷ്യർ ദുഃഖിയാകാൻ വേണ്ടി വിവാഹങ്ങളിലെല്ലാം എത്ര ചിലവാണ് ചെയ്യുന്നത്! ഏതൊന്നാണോ പവിത്രമായ തൈകൾ അതിനെ അപവിത്രമാക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യുന്നു. ഇതും നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും, ലോകം മനസ്സിലാക്കില്ല. ഈ വിഷയ സാഗരത്തിൽ മുങ്ങുന്നതിന് വേണ്ടി എത്ര ആഘോഷങ്ങളാണ് നടത്തുന്നത്. അവർക്ക് ഇതറിയില്ല അതായത് സത്യയുഗത്തിൽ ഈ വിഷം(വികാരം) ഉണ്ടാകില്ല എന്നത്. അതാണ് ക്ഷീരസാഗരം. അതാണ് സമ്പൂർണ്ണ നിർവ്വികാരി ലോകം. ഇനി ത്രേതയിൽ രണ്ട് കല കുറയുന്നുണ്ട്, എങ്കിലും അതിനെയും നിർവ്വികാരി ലോകമെന്ന് പറയുന്നു. അവിടെ വികാരമുണ്ടാകുക സാധ്യമല്ല എന്തുകൊണ്ടെന്നാൽ രാവണന്റെ രാജ്യം ദ്വാപരം മുതൽ മാത്രമാണ് ആരംഭിക്കുന്നത്. പകുതി-പകുതിയല്ലേ. ജ്ഞാന സാഗരവും അജ്ഞാന സാഗരവും. അജ്ഞാനത്തിന്റേയും സാഗരമല്ലേ.

മനുഷ്യർ എത്ര അജ്ഞാനികളാണ്. അച്ഛനെ പോലും അറിയുന്നില്ല. കേവലം പറഞ്ഞു കൊണ്ടിരിക്കുന്നു ഇത് ചെയ്യുന്നതിലൂടെ ഭഗവാനെ ലഭിക്കും. ലഭിക്കുന്നതോ ഒന്നും തന്നെയില്ല. തലയടിച്ചടിച്ച് ദുഃഖിയും, നിർധനരുമാകുന്നു അപ്പോൾ തന്നെയാണ് ഞാൻ നാഥൻ വരുന്നത്. നാഥനില്ലാത്തത് കാരണം മായയാകുന്ന പെരുമ്പാമ്പ് എല്ലാവരേയും വിഴുങ്ങിയിരിക്കുന്നു. ബാബ മനസ്സിലാക്കി തരികയാണ് മായ വളരെ സമർത്ഥ നാണ്. വളരെ പേരെ ചതിയിൽ പെടുത്തുന്നു. ചിലർക്ക് കാമത്തിന്റെ ചാട്ടയടി, ചിലർക്ക് മോഹത്തിന്റെ ചാട്ടയടി കിട്ടുന്നു. ദേഹ–അഭിമാനത്തിൽ വരുന്നതിലൂടെ തന്നെയാണ് ചാട്ടയടി കൊള്ളുന്നത്. ദേഹീ–അ ഭിമാനിയാകുന്നതിൽ പരിശ്രമം തന്നെയുണ്ട് അതുകൊണ്ടാണ് ബാബ അടിക്കടി പറയുന്നത് ജാഗ്രത, മൻമനാഭവ. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ മായ കടുത്ത പ്രഹരം നൽകും, അതിനാൽ നിരന്തരം ഓർമ്മിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ. അല്ലെങ്കിൽ മായ തലതിരിഞ്ഞ കർമ്മം ചെയ്യിക്കും. ശരി–തെറ്റിന്റെ തിരിച്ചറിവിനുള്ള ബുദ്ധി ലഭിച്ചിട്ടുണ്ട്. എവിടെയെങ്കിലും സംശയം വരികയാണെങ്കിൽ ബാബയോട് ചോദി ക്കൂ. കമ്പിയടിച്ചോ, കത്തെഴുതിയോ അഥവാ ഫോണിലോ ചോദിക്കാൻ സാധിക്കും. അതിരാവിലെ ഫോൺ പെട്ടെന്ന് ലഭിക്കും എന്തുകൊണ്ടെന്നാൽ ആ സമയം നിങ്ങളല്ലാത്ത മറ്റെല്ലാവരും ഉറങ്ങുകയായിരിക്കും. അപ്പോൾ ഫോണിലൂടെ നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും. ദിനം–പ്രതിദിനം ഫോൺ മുതലായവയുടെ ശബ്ദവും നന്നായിക്കൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഗവൺമെന്റ് ദരിദ്രമാണ്, അതുകൊണ്ട് ചിലവും അതു പോലെ തന്നെയാണ് ചെയ്യുന്നത്. ഈ സമയമാണെങ്കിൽ എല്ലാവരും ജീർണ്ണിച്ച അവസ്ഥയിലുള്ള തമോ പ്രധാനരാണ് എന്നിട്ടും വിശേഷിച്ചും ഭാരതവാസികളെ രജോ–തമോഗുണിയെന്ന് എന്തുകൊണ്ടാണ് പറ യുന്നത്? എന്തുകൊണ്ടെന്നാൽ ഇവരാണ് ഏറ്റവും കൂടുതൽ സതോപ്രധാനമായിരുന്നത്. മറ്റു ധർമ്മത്തി ലുള്ളവർ  ഇത്രയും സുഖവും കണ്ടിട്ടില്ല, ഇത്രയും ദുഃഖവും കാണേണ്ടതില്ല. അവർ ഇപ്പോൾ സുഖി യാണ് അതുകൊണ്ടാണ് ഇത്രയും ധാന്യം മുതലായവ അയച്ചുകൊണ്ടിരിക്കുന്നത്. അവരുടെ ബുദ്ധി രജോ പ്രധാനമാണ്. വിനാശത്തിന് വേണ്ടി എത്ര കണ്ടുപിടുത്തങ്ങളാണ് ചെയ്യുന്നത്. എന്നാൽ അവർക്കിതറി യില്ല അതുകൊണ്ട് അവർക്ക് വളരെയധികം ചിത്രങ്ങൾ മുതലായവ അയക്കേണ്ടതായുണ്ട്, അപ്പോൾ അവർക്കും അറിയാൻ സാധിക്കും, അവസാനം മനസ്സിലാക്കും ഈ സാധനങ്ങൾ വളരെ നല്ലതാണെന്ന്. ഇതിനുമേലെ എഴുതിയിട്ടുണ്ട് ഗോഡ് ഫാദർലി ഗിഫ്റ്റെന്ന്. എപ്പോഴാണോ ആപത്തിന്റെ സമയമാകു ന്നത് അപ്പോൾ ശബ്ദം മുഴങ്ങും, പിന്നീട് തിരിച്ചറിയും ഇതെനിക്ക് ലഭിച്ചിരുന്നു. ഈ ചിത്രങ്ങളാൽ വളരെ കാര്യം നടക്കും.  പാവങ്ങൾ, ബാബയെ അറിയുന്നതേയില്ല. സുഖ ദാതാ അത് ഒരേ ഒരു ബാബ മാത്രമാ ണ്. എല്ലാവരും അവരെയാണ് ഓർമ്മിക്കുന്നത്. ചിത്രങ്ങളിലൂടെ നല്ല രീതിയിൽ മനസ്സിലാക്കാൻ സാധി ക്കും. ഇപ്പോൾ നോക്കൂ 3 അടി ഭൂമി പോലും ലഭിക്കുന്നില്ല എന്നാൽ പിന്നീട് നിങ്ങൾ മുഴുവൻ വിശ്വത്തിന്റെ അധികാരിയായി മാറുന്നു! ഈ ചിത്രം വിദേശത്തും വളരെ സേവനം ചെയ്യും. കുട്ടികൾ ഈ ചിത്ര ങ്ങൾക്ക് ഇത്രയും മൂല്യം കൊടുക്കുന്നില്ല. ചിലവ് ഉണ്ടാകുക തന്നെ ചെയ്യും. രാജ്യം സ്ഥാപിക്കുന്നതിൽ ആ ഗവൺമെന്റിന് കോടിക്കണക്കിന് രൂപ ചിലവ് വന്നിട്ടുണ്ടാകും ലക്ഷക്കണക്കിന് പേർ മരിച്ചിട്ടുണ്ടാകും. ഇവിടെ മരിക്കുന്നതിന്റെ കാര്യമില്ല. ശ്രീമതത്തിലൂടെ പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം, അപ്പോൾ മാത്രമാണ് ശ്രേഷ്ഠ പദവി നേടാൻ സാധിക്കുന്നത്. അല്ലെങ്കിൽ അവസാനം ശിക്ഷ അനുഭവിക്കുന്ന സമയം വളരെ പശ്ചാത്തപിക്കും. ഇത് അച്ഛനാണെങ്കിൽ അതിനോടൊപ്പം ധർമ്മരാജനുമാണ്. പതിത ലോകത്തിൽ വന്ന് കുട്ടികൾക്ക് 21 ജന്മത്തേക്കായി സ്വരാജ്യം നൽകുകയാണ്. അഥവാ വീണ്ടും വിനാശകാരി കർത്ത വ്യം ചെയ്യുകയാണെങ്കിൽ പൂർണ്ണ ശിക്ഷ അനുഭവിക്കും.  എന്ത് വരുന്നുവോ അത് അപ്പോൾ കാണാം, അടുത്ത ജന്മം ആര് ചിന്തിക്കാനാണ് ഇങ്ങനെയാകരുത്. മനുഷ്യർ ദാന പുണ്യം പോലും അടുത്ത ജന്മ ത്തേക്ക് വേണ്ടിയാണ് ചെയ്യുന്നത്. നിങ്ങൾ ഇപ്പോൾ എന്താണോ ചെയ്യുന്നത് അത് 21 ജന്മത്തേക്ക് വേണ്ടി യാണ്. അവർ എന്താണോ ചെയ്യുന്നത്,  അൽപകാലത്തേക്ക് വേണ്ടിയാണ്. റിട്ടേൺ വീണ്ടും നരകത്തിൽ തന്നെയാണ് ലഭിക്കുക.  നിങ്ങൾക്കാണെങ്കിൽ സ്വർഗ്ഗത്തിലാണ് റിട്ടേൺ ലഭിക്കുന്നത്. രാത്രിയും പകലി ന്റേയും വ്യത്യാസമുണ്ട്.  നിങ്ങൾ സ്വർഗ്ഗത്തിൽ 21 ജന്മത്തേക്കുള്ള പ്രാലബ്ധമാണ് നേടുന്നത്. ഓരോ കാര്യത്തിലും ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ തോണി അക്കരയെത്തും. ബാബ പറയുന്നു നിങ്ങൾ കുട്ടികളെ നയനങ്ങളിൽ ഇരുത്തി  വളരെ വിശ്രമത്തോടെ കൊണ്ട് പോകുന്നു. നിങ്ങൾ വളരെ ദുഃഖം അനുഭവിച്ചിട്ടുണ്ട്. ഇപ്പോൾ പറയുകയാണ് നിങ്ങൾ എന്നെ ഓർമ്മിക്കൂ. നിങ്ങൾ വേഷമില്ലാതെയാണ് വന്നത്, ഈ ഭാഗം അഭിനയിച്ചു, ഇപ്പോൾ ഇനി തിരിച്ച് പോകണം. ഇത് നിങ്ങളുടെ അവിനാശി പാർട്ടാണ്. ഈ കാര്യങ്ങളെ ശാസ്ത്ര ഗർവ്വികൾക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ആത്മാവ് ഇത്രയും ചെറിയ നക്ഷ ത്രമാണ്, അതിൽ അവിനാശിയായ പാർട്ട് സദാ കാലത്തേക്കായി നിറഞ്ഞിരിക്കുന്നുണ്ട്, ഇതൊരിക്കലും അവസാനിക്കുന്നില്ല. ബാബയും പറയുന്നു  രചയിതാവാണെങ്കിലും ഞാനും അഭിനേതാവാണ്. ഞാൻ കൽപ–കൽപം വരുന്നു പാർട്ടഭിനയിക്കുന്നതിന്. പറയുന്നുണ്ട് പരമാത്മാവ് മനസ്സും–ബുദ്ധിയും സഹിതം ചൈതന്യമാണ്, നോളജ്ഫുള്ളാണ്, എന്നാൽ എന്ത് സാധനമാണ്, ഇതാരും അറിയുന്നില്ല. ഏതുപോലെ യാണോ നിങ്ങൾ ആത്മാവ് നക്ഷത്ര സമാനമായിരിക്കുന്നത് അതുപോലെ ഞാനും സ്റ്റാറാണ്. ഭക്തി മാർഗ്ഗ

ത്തിലും എന്നെ ഓർമ്മിക്കുന്നുണ്ട് കാരണം ദുഃഖിയാണ്, ഞാൻ വന്ന് നിങ്ങൾ കുട്ടികളെ എന്റെ കൂടെ കൊണ്ട് പോകുന്നു. ഞാനും വഴികാട്ടിയാണ്. ഞാൻ പരമാത്മാവ് നിങ്ങൾ ആത്മാക്കളെ കൊണ്ട് പോകുന്നു. ആത്മാവ് കൊതുകിനെക്കാളും ചെറുതാണ്. ഈ അറിവ് നിങ്ങൾ കുട്ടികൾക്കും ഇപ്പോഴാണ് ലഭിക്കുന്നത്. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ബാബ പറയുന്നു നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു, ബാക്കി ദിവ്യ ദൃഷ്ടിയുടെ ചാവി അത് എന്റെ പക്കൽ തന്നെ വെയ്ക്കുന്നു. ഇത് ആർക്കും കൊടുക്കുന്നില്ല. ഇത് ഭക്തി മാർഗ്ഗത്തിലും എന്റെ തന്നെ ജോലിയിലാണ് വരുന്നത്. ബാബ പറയുന്നു ഞാൻ നിങ്ങളെ പാവനവും, പൂജ്യരുമാക്കുന്നു മായ പതിതവും, പൂജാരിയുമാക്കുന്നു. വളരെ അധികം മനസ്സിലാക്കി തരുന്നുണ്ട് എന്നാൽ ഏതെങ്കിലും ബുദ്ധിവാനേ മനസ്സിലാക്കൂ.

ഈ ടേപ്പ് റെക്കോർഡ് മെഷീൻ വളരെ നല്ലതാണ്. കുട്ടികൾക്ക് മുരളി തീർച്ചയായും കേൾക്കണം. വളരെ ക്കാലം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളാണ്. ബാബയ്ക്ക് ബന്ധനത്തിലുള്ള ഗോപികമാരുടെ മേൽ വളരെ ദയയുണ്ട്. ബാബയുടെ മുരളി കേട്ട് വളരെ സന്തോഷിക്കും. കുട്ടികളുടെ സന്തോഷത്തിന് വേണ്ടി എന്താണ് ചെയ്യാൻ പാടില്ലാത്തത്. ബാബയ്ക്കാണെങ്കിൽ രാത്രിയും-പകലും ഗ്രാമത്തിലെ ഗോപികമാരുടെ ചിന്തയുണ്ട്. ഉറക്കം പോലും ഉപേക്ഷിക്കുന്നു, എന്ത് യുക്തി രചിക്കും, എങ്ങനെ കുട്ടി ദുഃഖത്തിൽ നിന്ന് മുക്തമാകും. ചിലരാണെങ്കിൽ വീണ്ടും ദുഃഖത്തിൽ കുടുങ്ങുന്നതിന് വേണ്ടി തയ്യാറെടുക്കുന്നുണ്ട്, ചിലർ സമ്പത്തെടുക്കുന്നതിന്റെ പുരുഷാർത്ഥം ചെയ്യുന്നുണ്ട്, എന്നാൽ ചിലർ പിന്നീട് വിട ചൊല്ലുന്നതിന്റേയും പുരുഷാർത്ഥം ചെയ്യുന്നു. ലോകമാണെങ്കിൽ ഇന്ന് വളരെ മോശമാണ്. ചില കുട്ടികൾ അച്ഛനെ കൊല്ലാൻ പോലും മടിക്കുന്നില്ല. പരിധിയില്ലാത്ത ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കിതരുന്നത്. ഞാൻ കുട്ടികൾക്ക് ഇത്രയും ധനം നൽകും അതിലൂടെ ഇവർ ഒരിക്കലും ദുഃഖിയാകില്ല. അതുകൊണ്ട് കുട്ടികൾക്കും ഇത്രയും ദയാഹൃദയരാകണം അതായത് എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞ് കൊടുക്കണം. ഇന്നാണെങ്കിൽ എല്ലാവരും ദുഃഖമാണ് നൽകുന്നത്, ബാക്കി ടീച്ചർ ഒരിക്കലും ദുഃഖത്തിന്റെ വഴി പറഞ്ഞ് കൊടുക്കില്ല. അവർ പഠിപ്പിക്കുകയാണ് ചെയ്യുന്നത്. പഠിത്തം വരുമാനത്തിന്റെ ഉറവിടമാണ്. പഠിത്തത്തിലൂടെയാണ് ശരീര നിർവ്വാഹം നടത്തുന്നതിന് യോഗ്യനായി മാറുന്നത്, മാതാ- പിതാവിൽ നിന്ന് സമ്പത്ത് ലഭിക്കുന്നു എന്നാൽ അത് എന്തിന് പറ്റും? എത്ര കൂടുതൽ ധനമുണ്ടോ അത്രയും പാപം കൂടുതൽ ചെയ്യുന്നു. അല്ലെങ്കിൽ തീർത്ഥ യാത്രയെല്ലാം ചെയ്യാൻ വളരെ വിനയത്തോടെയാണ് പോകുക. എന്നാൽ ചിലരാണെങ്കിൽ തീർത്ഥ യാത്രക്ക് പോലും മദ്യം കൊണ്ട് പോകുന്നു, പിന്നീട് ഒളിപ്പിച്ച് കുടിക്കുന്നു. ബാബ കണ്ടിട്ടുണ്ട് - മദ്യം കൂടാതെ ജീവിക്കാനെ സാധിക്കില്ല. കാര്യമേ ചോദിക്കേണ്ട. യുദ്ധത്തിന് പോകുന്നവരും മദ്യം നന്നായി കുടിക്കുന്നു. യുദ്ധത്തിന് പോകുന്നവർക്ക് തന്റെ ജീവന്റെ ചിന്ത പോലും ഉണ്ടായിരിക്കില്ല. കരുതുന്നു ആത്മാവ് ഒരു ശരീരം വിട്ട് അടുത്തത് പോയി എടുക്കും. നിങ്ങൾ കുട്ടികൾക്കും ഇപ്പോൾ ജ്ഞാനം ലഭിക്കുന്നു. ഈ അഴുക്കായ ശരീരം ഉപേക്ഷിക്കണം. അവർക്ക് ജ്ഞാനമൊന്നുമില്ല. എന്നാൽ - മരിക്കുക കൊല്ലുക, ഇത് ശീലമായിരിക്കുന്നു. ഇവിടെയാണെങ്കിൽ നമ്മൾ ഇരുന്നിരുന്ന് ബാബയുടെ അടുത്തേക്ക് പോകാനാഗ്രഹിക്കുന്നു. ഇത് പഴയ തോലാണ്. സർപ്പവും പഴയ തോൽ ഉപേക്ഷിക്കുന്നത് പോലെ. തണുപ്പിൽ വരണ്ടുണങ്ങുമ്പോൾ അഴിച്ച് കളയുന്നു. നിങ്ങളുടേതാണെങ്കിൽ വളരെ അഴുക്കായ പഴയ തോലാണ്, പാർട്ടഭിനയിച്ച് ഇപ്പോൾ ഇതിനെ ഉപേക്ഷിക്കണം, ബാബയുടെ അടുത്തേക്ക് പോകണം. ബാബ യുക്തി പറഞ്ഞ് തന്നിട്ടുണ്ട്- മൻമനാഭവ. എന്നെ ഓർമ്മിക്കൂ അത്ര മാത്രം, ഇങ്ങനെ ഇരിക്കെ-ഇരിക്കെ ശരീരം വിടും. സന്യാസികൾക്കും ഇങ്ങനെ ഉണ്ടാകാറുണ്ട്- ഇരുന്നിരുന്ന് ശരീരം ഉപേക്ഷിക്കുന്നു എന്തുകൊണ്ടെന്നാൽ അവർ കരുതുന്നത് ആത്മാവിന് ബ്രഹ്മത്തിൽ പോയി ലയിക്കണമെന്നാണ്, അതിനാൽ യോഗം ചെയ്തിരിക്കുന്നു. എന്നാൽ പോകാൻ സാധിക്കില്ല. കാശി കൽവട്ടിൽ ബലിയർപ്പിക്കുന്നത് പോലെ, അത് ജീവഹത്യയായി മാറുന്നു. ഈ സന്യാസി പോലും ഇരിക്കെ-ഇരിക്കെ ഇങ്ങനെ പോകുന്നുണ്ട്, ബാബ കണ്ടിട്ടുണ്ട്, അത് ഹഠയോഗ സന്യാസമാണ്.

ബാബ മനസ്സിലാക്കി തരികയാണ് നിങ്ങൾക്ക് 84 ജന്മം എങ്ങനെയാണ് ലഭിക്കുന്നത്? നിങ്ങൾക്ക് എത്ര അറിവാണ് തരുന്നത്, ചില വിരളം പേർ മാത്രമാണ് ശ്രീമതത്തിലൂടെ നടക്കുന്നത്. ദേഹ-അഭിമാനത്തിൽ വരുന്നതിലൂടെ പിന്നീട് ബാബയ്ക്ക് പോലും തന്റെ നിർദ്ദേശം കൊടുക്കാൻ തുടങ്ങുന്നു. ബാബ മനസ്സിലാക്കി തരികയാണ് ദേഹീ-അഭിമാനിയാകൂ. ഞാൻ ആത്മാവാണ്, ബാബാ അങ്ങ് ജ്ഞാനത്തിന്റെ സാഗരമാണ്. ബാബാ അങ്ങയുടെ നിർദ്ദേശത്തിലൂടെ മാത്രം നടക്കും. ഓരോ ചുവടിലും വളരെ ജാഗ്രത വേണം. തെറ്റുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട് വീണ്ടും പുരുഷാർത്ഥം ചെയ്യേണ്ടതായുണ്ട്. എവിടെ പോയാലും ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. വികർമ്മങ്ങളുടെ ഭാരം തലയിൽ വളരെയധികമുണ്ട്. കർമ്മഭോഗും അവസാനിപ്പിക്കണമല്ലോ. അവസാനം വരെ ഈ കർമ്മഭോഗ് വിടുകയില്ല. ശ്രീമതത്തിലൂടെ നടന്ന് തന്നെ പവിഴബുദ്ധിയാകണം. ധർമ്മരാജനും കൂടെ തന്നെയുണ്ട്. അപ്പോൾ ഉത്തരവാദിത്വം അവരുടേതായി. ബാബ

യിരിക്കുന്നുണ്ട്, നിങ്ങളെന്തിനാണ് തന്റെ മേലെ ഭാരം വെയ്ക്കുന്നത്. പതിത-പാവനനായ ബാബയ്ക്ക് പതിതരുടെ സഭയിൽ വരിക തന്നെ വേണം. ഇതാണെങ്കിൽ പുതിയ കാര്യമല്ല, അനേക പ്രാവശ്യം പാർട്ട ഭിനയിച്ചിട്ടുണ്ട്, വീണ്ടും അഭിനയിച്ചുകൊണ്ടിരിക്കും. ഇതിനെ തന്നെയാണ് അദ്ഭുതമെന്ന് പറയുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ബാബയ്ക്ക് സമാനം എല്ലാവരേയും ദുഃഖത്തിൽ നിന്ന് മുക്തമാക്കുന്നതിന്റെ കൃപ ചെയ്യണം. സുഖ ത്തിന്റെ വഴി പറഞ്ഞ് കൊടുക്കണം.

2) ഒരു വിനാശകാരി (തല തിരിഞ്ഞ) കർമ്മവും ചെയ്യരുത്. ശ്രീമഹത്തിലൂടെ 21 ജന്മത്തേക്ക് തന്റെ പ്രാലബ്ധം ഉണ്ടാക്കണം. ചുവട്-ചുവട് ജാഗ്രതയോടെ നടക്കണം.

## വരദാനം:- പ്രതിജ്ഞയുടെ സ്മൃതിയിലൂടെ പ്രയോജനമെടുക്കുന്ന സദാ ബാബയുടെ ആശീർവ്വാദത്തിന് പാത്രമായി ഭവിക്കൂ

എന്തെല്ലാം പ്രതിജ്ഞയാണോ മനസ്സാൽ, വാക്കാൽ അല്ലെങ്കിൽ എഴുതി ചെയ്യുന്നത്, അവയെ സ്മൃതി യിൽ വയ്ക്കൂ എങ്കിൽ പ്രതിജ്ഞയുടെ പൂർണ്ണമായ പ്രയോജനമെടുക്കാൻ സാധിക്കും. പരിശോധിക്കൂ എത്ര തവണ പ്രതിജ്ഞ ചെയ്തിട്ടുണ്ട്, എത്രത്തോളം നിറവേറ്റിയിട്ടുണ്ട്! പ്രതിജ്ഞയും പ്രയോജനവും - ഇവ രണ്ടിന്റെയും സന്തുലനമുണ്ടായിരിക്കുകയാണെങ്കിൽ വരദാതാവായ ബാബയിലൂടെ ആശീർവ്വാദം ലഭിച്ചുകൊണ്ടിരിക്കും. ഏതുപോലെയാണോ ശ്രേഷ്ഠ സങ്കൽപം ചെയ്യുന്നത് അതുപോലെ കർമ്മവും ശ്രേഷ്ഠമായിരിക്കണം അപ്പോൾ സഫലതാ മൂർത്തിയാകും.

## സ്ലോഗൻ:- സ്വയത്തെ ഇങ്ങനെയുള്ള ദിവ്യ ദർപ്പണമാക്കൂ അതിൽ ബാബയെ മാത്രം കാണപ്പെടണം അപ്പോൾ പറയും സത്യമായ സേവനം.